"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

## കേരള സർക്കാർ

### സംഗ്രഹം

കിളിമാനൂർ ഗ്രാമപഞ്ചായത്തിലെ ഇ.എം.എസ് ഭവന പദ്ധതി പ്രകാരം കരാറിലേർപ്പെട്ട 11.40 ആർ വസ്തുവിൽ നിന്നും വീട് സ്ഥിതി ചെയ്യാത്ത 4.5 ആർ സ്ഥലത്തിന്റെ ബാധ്യത ഒഴിവാക്കി നൽകുന്നതിന് അനുമതി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

**സ.ഉ.(സാധാ) നം.1885/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 02/09/2019

---

പരാമർശം:- 1 പഞ്ചായത്ത് ഡയറക്ടറുടെ 02/08/2019ലെ ജെ2-9787/2019 നമ്പർ കത്ത്.

2 കിളിമാനൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 6.7.2019ലെ A3 /2543/19 നമ്പർ കത്ത് .

### ഉത്തരവ്

കിളിമാനൂർ ഗ്രാമ പഞ്ചായത്തിൽ നിന്നും 2009-10 സാമ്പത്തിക വർഷം ഇ.എം.എസ് ഭവന പദ്ധതി പ്രകാരം ശ്രീമതി. പൊന്നമ്മ, തുമ്പോട് വീട്, ചൂട്ടയിൽ എന്നവർക്ക് ആനുകൂല്യം ലഭിച്ചിരുന്നു. ഇവർ മരണമടഞ്ഞിട്ടുള്ളതാണ്. ഇഎംഎസ് ഭവന പദ്ധതി പ്രകാരംകരാറിൽ ഏർപ്പെട്ടിരുന്ന ടിയാരിയുടെ 11.40 ആർ വസ്തുവിൽ നിന്നും വീട് സ്ഥിതി ചെയ്യാത്ത 4.5 ആർ സ്ഥലം ടിയാരിയുടെ മകൻ ശ്രീ. ജനാർദ്ദനന് ഭാഗപത്രപ്രകാരം ലഭ്യമായിട്ടുണ്ട്. ഇപ്രകാരം തനിക്കു ലഭ്യമായതും കരാറിൽ ഉൾപ്പെടാത്തതുമായ തന്റെ 4.5 ആർ സ്ഥലത്തിന്റെ ബാധ്യത ഒഴിവാക്കി നൽകണമെന്ന ശ്രീ. ജനാർദ്ദനന്റെ അപേക്ഷ പഞ്ചായത്ത് കമ്മിറ്റിയുടെ അനുകൂല ശുപാർശ സഹിതം പഞ്ചായത്ത് ഡയറക്ടർ പരാമർശത്തിലെ കത്ത് പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കിളിമാനൂർ ഗ്രാമ പഞ്ചായത്തിലെ 2009-10 സാമ്പത്തിക വർഷത്തെ ഇ.എം.എസ് ഭവന പദ്ധതി ഗുണഭോക്താവായിരുന്ന മരണമടഞ്ഞ ശ്രീമതി. പൊന്നമ്മയുടെ പേരിലുള്ള കരാറിൽ ഏർപ്പെട്ട 11.4 ആർ വസ്തുവിൽ നിന്നും ടിയാരിയുടെ മകൻ ശ്രീ. ജനാർദ്ദനന് ഭാഗപത്രപ്രകാരം ലഭ്യമായ 4.5 ആർ സ്ഥലത്തിന്റെ ബാധ്യത ഒഴിവാക്കി നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കിളിമാനൂർ ഗ്രാമപഞ്ചായത്ത്

**File No.DB4/216/2019-LSGD**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം

ശ്രീ. ജനാർദ്ദനൻ, തുമ്പോട്ട് വീട്, ചൂട്ടയിൽ, കിളിമാനൂർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്- തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പിഎസ്സിന്

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎയ്ക്ക്